## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5865** **08-07-2024 - ൽ മറുപടിയ്ക്ക്**

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗ്രാമീണ റോഡുകൾക്ക് നവീകരണം ആവശ്യമാണ് എന്നതിനാൽ റോഡുകൾക്ക് നവീകരണ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമവായി പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും റോഡ് ഉൾപ്പടെയുള്ള ആസ്തികളുടെ മെയിന്റനൻസിനുമായി സംസ്ഥാന സർക്കാർ, മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നുണ്ട്. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (SOTR) ഒരു നിശ്ചിത ശതമാനം എന്ന നിലയ്ക്ക് ഫണ്ട് അനുവദിക്കുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. 2020-21 കാലത്ത് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 6 ശതമാനം തുകയാണ് മെയിന്റനൻസ് ഫണ്ട് ആയി അനുവദിച്ചിരുന്നത്. 2021-22 ൽ ഇത് 6.5 ശതമാനമായി വർദ്ധിപ്പിച്ചു (റോഡ് മെയിന്റനൻസിനുള്ള വിഹിതം 4 ശതമാനം, റോഡിതര മെയിന്റനൻസിനുള്ള വിഹിതം 2.5 ശതമാനം). മെയിന്റനൻസ് ഫണ്ട് വിഹിതം 2023-24 ൽ 3646.99 കോടി രൂപ ആയിരുന്നത് 2024-25 ൽ 4131.19 കോടി ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. (484.20 കോടി രൂപയുടെ വർദ്ധനവ്). 2019 ൽ നിലവിൽ വന്ന ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രാദേശിക സർക്കാരുകളിൽ നിന്നും ശേഖരിച്ച ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകളിൽ പോരായ്മ ഉണ്ട് എന്ന് നിരവധി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് R-track-ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡ് ഡാറ്റാ ശേഖരിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയത് |

| | | | |
|---|---|---|---|
| | | | ഉടനെ പൂർത്തിയാകും. ശരിയായ കണക്ക് ഉൾപ്പെടുത്തി വിഹിതം നിശ്ചയിക്കണം എന്നതിനാൽ 2024-25 വർഷത്തെ ബഡ്ജറ്റിൽ മൊത്തം തുകയുടെ മൂന്നിലൊന്നാണ് നിലവിൽ വിഭജിച്ച് വകയിരുത്തിയിട്ടുള്ളത്. വിവരശേഖരണ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മൊത്തം തുകയും പുതിയ റോഡ് ഡാറ്റായുടെ അടിസ്ഥാനത്തിൽ വിഭജിച്ച നൽകും. |
| (ബി) | എങ്കിൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഗ്രാമീണ റോഡുകൾക്ക് നവീകരണം ആവശ്യമാണ് എന്നതിനാൽ റോഡുകൾക്ക് നവീകരണ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമവായി പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും റോഡ് ഉൾപ്പടെയുള്ള ആസ്തികളുടെ മെയിന്റനൻസിനുമായി സംസ്ഥാന സർക്കാർ, മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നുണ്ട്. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (SOTR) ഒരു നിശ്ചിത ശതമാനം എന്ന നിലയ്ക്ക് ഫണ്ട് അനുവദിക്കുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. 2020-21 കാലത്ത് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 6 ശതമാനം തുകയാണ് മെയിന്റനൻസ് ഫണ്ട് ആയി അനുവദിച്ചിരുന്നത്. 2021-22 ൽ ഇത് 6.5 ശതമാനമായി വർദ്ധിപ്പിച്ചു (റോഡ് മെയിന്റനൻസിനുള്ള വിഹിതം 4 ശതമാനം, റോഡിതര മെയിന്റനൻസിനുള്ള വിഹിതം 2.5 ശതമാനം). മെയിന്റനൻസ് ഫണ്ട് വിഹിതം 2023-24 ൽ 3646.99 കോടി രൂപ ആയിരുന്നത് 2024-25 ൽ 4131.19 കോടി ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. (484.20 കോടി രൂപയുടെ വർദ്ധനവ്). 2019 ൽ നിലവിൽ വന്ന ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രാദേശിക സർക്കാരുകളിൽ നിന്നും ശേഖരിച്ച ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകളിൽ പോരായ്മ ഉണ്ട് എന്ന് നിരവധി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് R-track- ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡ് ഡാറ്റാ ശേഖരിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയത് ഉടനെ പൂർത്തിയാകും. ശരിയായ കണക്ക് ഉൾപ്പെടുത്തി വിഹിതം നിശ്ചയിക്കണം എന്നതിനാൽ 2024-25 വർഷത്തെ ബഡ്ജറ്റിൽ മൊത്തം തുകയുടെ മൂന്നിലൊന്നാണ് നിലവിൽ വിഭജിച്ച് വകയിരുത്തിയിട്ടുള്ളത്. വിവരശേഖരണ പ്രക്രിയ |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്ന മുറയ്ക്ക് മൊത്തം തുകയും പുതിയ റോഡ് ഡാറ്റായുടെ അടിസ്ഥാനത്തിൽ വിഭജിച്ച നൽകും. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾ വഴി ഇതിലേയ്ക്ക് എത്ര തുക 2023-24-ൽ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പല പഞ്ചായത്തുകളുടെയും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഇ) | തസ്തിക ഒഴിഞ്ഞു കിടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മറ്റ് ഗ്രാമ പഞ്ചായത്തുകളിലെ എൻജിനീയർമാർക്കും ഓവർസീയർമാർക്കും അധിക ചുമതല നൽകിയും, നിശ്ചിതയോഗ്യതയുള്ള ജീവനക്കാരെ താത്കാലിക അടിസ്ഥാനത്തിൽ നിയമിച്ചും ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

## 2023-2024 Regular PMGSY works

| Description | No of roads | Length in kms | Sanctioned cost in crore | MoRD Share in crore | State share in crore |
|---|---|---|---|---|---|
| Sanction obtained in PMGSY-III scheme On 08-06-2023 | 112 | 594.752 | 554.45 | 328.45 | 226 |
| Expenditure in crore as on 04.07.2024 | 29.93 | | | | |

## Financial Incentive for post 5 year roads sanctioned on 31.03.2023 for the year 2022-2023

| Total cost in crore | MoRD Share in crore | State share in crore | Expenditure in crore as on 04.07.2024 |
|---|---|---|---|
| 9.87 | 5.920 | 3.95_ | 2.44 |
| | | | |